# പതിനാലാം കേരള നിയമസഭ
# (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4960** **27/10/2016-ൽ മറുപടിയ്ക്ക്**

## പോള-പായൽ ശല്യം

| ചോദ്യം<br>ശ്രീ.എ.എം. ആരിഫ് | | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): | |
|---|---|---|---|
| എ) | കായലുകളിലെ പോള-പായൽ ശല്യം നിമിത്തം മത്സ്യബന്ധനം അസാധ്യമായി തീർക്കുന്ന സാഹചര്യത്തിന് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ട് അരൂർ എം.എൽ.എ ഉന്നയിച്ച സബ്മിഷന് മറുപടി നൽകിയതു പ്രകാരം എന്തെല്ലാം നടപടികൾ ഇതിനോടകം സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | എ) യും ബി) യും | പോളവാരൽ പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കാൻ ഫിഷറീസ് വകുപ്പിന് നിർവ്വാഹമില്ലാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വികേന്ദ്രീകൃതമായി പോളനിർമ്മാർജ്ജനം നടപ്പാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ നിലവിലുള്ള പ്ലാൻ ഫണ്ട് ഉപയോഗിച്ച് പോളപ്പായൽ നീക്കം ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പറ്റില്ലെന്നും ആയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുകയാണെങ്കിൽ അഴിമതിക്ക് കാരണമാകുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചു. നിലവിൽ പോളപ്പായൽ നീക്കം ചെയ്യുന്നതിന് ശാശ്വത പരിഹാരം ഇല്ലാത്തതിനാൽ, പോളപ്പായൽ ശാശ്വതമായി നീക്കം ചെയ്യുന്നതിനായി പായൽ നിയന്ത്രിക്കാനുള്ള ജൈവപരഭോജികളെ കണ്ടെത്താനുള്ള റിസർച്ച് പഠനം കാർഷിക സർവ്വകലാശാല നടത്തണമെന്ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 30/09/2016-ൽ നടന്ന യോഗം തീരുമാനിക്കുകയുണ്ടായി.<br>പോളപ്പായൽ നിറയുന്നത് മൂലമുള്ള തൊഴിൽ നഷ്ടവും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷനും നാശനഷ്ടം വരുന്ന ഉപജീവനോപാധികൾക്ക് നഷ്ടപരിഹാരവും നൽകേണ്ട സാഹചര്യം സംസ്ഥാനത്തെ എല്ലാ ജില്ലയിലും നിലവിലുണ്ടോ എന്ന് പരിശോധിച്ച് അതിനാവശ്യമായ ഫണ്ട് എത്രയാണെന്ന് കണക്കാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത് നിർവ്വഹിക്കുന്നത് നിമിത്തം ഉണ്ടാകുന്ന അധിക ചെലവ് പരിഹരിക്കുന്നതിന് ഏതെങ്കിലും ഉത്തരവുകൾ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നൽകിയോ; | | |
| സി) | പായൽ വാരുന്നതിനാവശ്യമായ മെഷീനുകൾ ഘടിപ്പിച്ച വാഹനം എടുക്കുന്നതിനുള്ള ചെലവ് സംബന്ധിച്ച് ക്രമീകരണങ്ങൾ ഉണ്ടാക്കിയോ; | സി) യും ഡി) യും | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പോളവാരൽ പദ്ധതിയ്ക്കായി 21.29 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഇതിലേക്കായി 16.48 കോടി രൂപ ഫിർമയ്ക്ക് അനുവദിക്കുകയും തുക മുഴുവൻ |

| | | | |
|---|---|---|---|
| ഡി) | പായൽ ഇപ്രകാരം വാരുന്നതിന് കഴിഞ്ഞ ഏതാനും വർഷങ്ങളിൽ എത്ര രൂപ വീതമായെന്നും ,വാരിയ പായൽ നശിപ്പിക്കുന്നതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ നൽകുമോയെന്നും വ്യക്തമാക്കുമോ? | | ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതി ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ആഫീസർ